"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ കൺവീനർ ആയി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.3277/2018/LSGD തീയതി,തിരുവനന്തപുരം, 31/12/2018

---

പരാമർശം:- 1 സ ഉ (സാധ) നം. 2996/2018/തസ്വഭവ തീയതി 25/11/2018

2 30/11/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതുവിഷയങ്ങളിലെ തീരുമാനം 3.12

<u>ഉത്തരവ്</u>

പരാമർശം(1) ഉത്തരവ് പ്രകാരം, സൂപ്രണ്ടിംഗ് എൻജിനീയർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി ജില്ലാതല കമ്മിറ്റിക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ തലത്തിൽ അല്ലാതെ മറ്റു തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതില്ല എന്നും ഉത്തരവായിരുന്നു.

കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ അധികമുള്ളതിനാൽ കോർപ്പറേഷന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷൻ തലത്തിലും ഇത്തരം കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണെന്നും ഇതിന്റെ കൺവീനർ കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ ആയിരിക്കണമെന്നും 30/11/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(2) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ കൺവീനർ ആയി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
മിഷൻ ഡയറക്ടർ, അമൃത്
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിൻറെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ